# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4956

04.07.2012 -ൽ മറുപടിയ്ക്ക്

## ചിട്ടി നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കിയ കേന്ദ്ര ചിട്ടി ആക്ടിന് അനുസൃതമായ ചിട്ടി നിയമങ്ങൾക്ക് സംസ്ഥാനത്ത് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ടിന് കേരള ചിറ്റ് ഫണ്ട്സ് റൂൾസ് എന്ന പേരിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br>89-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം റിസർവ്വ് ബാങ്കുമായി കൂടിയാലോചിച്ചാണ് ചട്ടങ്ങൾക്ക് രൂപം കൊടുത്തിട്ടുള്ളത്. ചട്ടങ്ങൾ സംബന്ധിച്ച വിജ്ഞാപനം 4.6.2012 ന് ജി.ഒ(പി) 94/12/ടിഡി നമ്പരായി പുറപ്പെടുവിക്കുകയും ആയത് 05.06.2012 ലെ 1159-ാം നമ്പർ (S.R.O.No.397/12) അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ചിട്ടി കമ്പനികളുടെ ചൂഷണത്തിൽ നിന്നും വരിക്കാരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (ബി) | ചിട്ടി സ്ഥാപനങ്ങളിൽ നിന്ന് മതിയായ സെക്യൂരിറ്റി വാങ്ങുന്നതിന് ചിറ്റ് ഫണ്ട്സ് ആക്ടിൽ വ്യവസ്ഥയുണ്ട്. ചിട്ടി സ്ഥാപനങ്ങളുടെ പേരിനൊപ്പം ചിട്ടി, കുറി, ചിട്ടി ഫണ്ട്, ചിറ്റ് എന്നിവയിൽ ഏതെങ്കിലും പേര് ചേർക്കണമെന്ന് 11-ാം വകുപ്പ് അനുശാസിക്കുന്നു. 12-ാം വകുപ്പ് ചിട്ടി സ്ഥാപനങ്ങൾ മറ്റ് ബിസിനസുകൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി കൊണ്ടുള്ളതാണ്. 5 വർഷത്തിൽ കൂടുതൽ കാലാവധിയുള്ള ചിട്ടികൾ നടത്തുന്നതിനും നിയന്ത്രണം ഉണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ആരംഭിച്ച ചിട്ടികളും കേരളത്തിൽ നടത്തണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണ്. ഇതുപോലുള്ള ഫലപ്രദമായ പല പുതിയ വ്യവസ്ഥകളും കേന്ദ്ര ചിട്ടി നിയമത്തിൽ ഉണ്ട്. അവ പ്രകാരമുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ